പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി അനുവദിക്കുന്ന തുക ഉപയോഗിച്ച് റിസോഴ്സ് അദ്ധ്യാപകരായി കരാർ അടിസ്ഥാനത്തിൽ മുൻവർഷം ജോലിചെയ്തുവരുന്നവരുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലും ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിലും കരാർ നിയമനം പുതുക്കാറുണ്ട്:

(ബി&സി) 28-5-2014 പ്രാബല്യത്തിൽ കരാർ പുതുക്കി നിയമനം നൽകിയിട്ടുണ്ട്.

കായികാദ്ധ്യാപക നിയമനം

79 (7046) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ കുറവുമൂലം അദ്ധ്യാപക തസ്തിക നഷ്ടപ്പെടാതിരിക്കാൻ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:35 ആക്കി കുറയ്ക്കുന്നതിന് ഉത്തരവായതു പോലെ ഈ ആനുകൂല്യം യു. പി. സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കുകൂടി സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) അപ്പർ പ്രൈമറിയിൽ 2 പീരിയഡ് എങ്കിലും ഉള്ള കായികാദ്ധ്യാപകരെ അതത് സ്കൂളുകളിൽത്തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അപ്പർ പ്രൈമറി മുതലുള്ള എല്ലാ വിദ്യാലയങ്ങളിലും ഒരു കായിക അദ്ധ്യാപകനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്കൂൾ കായികാദ്ധ്യാപകർക്ക് വിവിധ കായിക ഇനങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കണമെന്നത് സംബന്ധിച്ച നിലവിലുള്ള നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാകുമോ ;

(ഇ) സബ്ജില്ല, ജില്ലാ കായികമേളയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ യുവജനോത്സവത്തിൽ നൽകുന്നതുപോലെ ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) യു.പി. സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് കുറഞ്ഞത് അഞ്ഞൂറ് കുട്ടികൾ ഉണ്ടായിരിക്കണം. ഇതിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല.

(ബി) അപ്പർ പ്രൈമറിയിൽ അഞ്ഞൂറ് കുട്ടികളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാൻ കഴിയൂ.

(സി) കായികാദ്ധ്യാപകരുടെ പൂളിംഗ് വഴി എല്ലാ വിദ്യാലയങ്ങളിലും അവരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(ഇ) സബ്ജില്ലാ മത്സരങ്ങളിൽ അവ നടക്കുന്ന സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ സഹകരണത്തോടെ ചില സബ് ജില്ലകളിൽ ഭക്ഷണം നൽകാറുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ എല്ലാ സബ്ജില്ലകളിലും ഭക്ഷണം നൽകുന്നില്ല. ജില്ലാതല അത്ലറ്റിക് മത്സരങ്ങളിൽ എല്ലാ ജില്ലയിലും ഭക്ഷണം നൽകിവരുന്നുണ്ട്.

കൊല്ലം ജില്ലയിലെ എൽ.പി/യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

80 (7047) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ 2012 മാർച്ച് 9-ന് നിലവിൽവന്ന എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് റിസ്റ്റിൽനിന്നും നാളിതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ഓപ്ഷൻ, സംവരണം എന്നീ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത വിഭാഗത്തിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ആയതിൻ പ്രകാരം നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ ഫാൾമൂലം തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് ഇത്തരം ഒഴിവുകൾ ഉപയോഗിക്കുന്നത് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം പ്രതീക്ഷിക്കുന്ന തൊഴിൽരഹിതരുടെ അവസരങ്ങൾ നഷ്ടപ്പെടുത്തുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; പല വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം നിയമനം യഥാസമയം നടക്കാതെ പോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുള്ള കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ ഫാൾമൂലം തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് നിലവിൽ സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ ഉപയോഗിക്കുന്നില്ല.

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാസമയം റിപ്പോർട്ടു ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly